ഭരണഭാഷ മാതൃഭാഷ

എൻ 1/36549/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 13/11/2015

## സർക്കുലർ

സർവ്വീസിൽ നിന്നും വിരമിക്കുന്ന കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ വരുന്ന ജീവനക്കാർ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ആനുകൂല്യങ്ങൾ അനുവദിച്ചു കിട്ടുകയും ചെയ്തതിനുശേഷം തങ്ങൾ സമർപ്പിച്ചിരുന്ന പെൻഷൻ ബുക്കിൽ ഫാമിലി പെൻഷണറുടെ പേരിലും മറ്റും രേഖപ്പെടുത്തലുകൾ വരുത്തിയതിൽ തെറ്റു സംഭവിച്ചിരുന്നുവെന്നും അത് തിരുത്തി നൽകണമെന്നും അപേക്ഷ സമർപ്പിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കുടുംബ പെൻഷണറുടെ ഔദ്യോഗിക പേരിനു പകരം വിളിപ്പേര് ഉൾപ്പെടുത്തുക, ഇനിഷ്യൽ തെറ്റായി രേഖപ്പെടുത്തുക എന്നിവയൊക്കെ ഇതിൽ ഉൾപ്പെടുന്നു. ആധികാരികമായി സമർപ്പിക്കപ്പെടുന്ന ഇത്തരം രേഖകളിൽ തെറ്റുകൾ വരാൻ പാടുള്ളതല്ല. ആയതിനാൽ ഇനി മേൽ പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്ന സമയത്ത് ചുവടെ പറയുന്ന രേഖപ്പെടുത്തലോടുകൂടി മാത്രമേ അപേക്ഷകൾ ഈ കാര്യാലയത്തിലേക്ക് അയയ്ക്കാൻ പാടുള്ളൂ.

1. ............... തീയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന എന്റെ പെൻഷൻ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ രേഖപ്പെടുത്തലുകളും ശരിയാണെന്ന് ഉത്തമ ബോധ്യം വന്നിട്ടുള്ളതും മേലിൽ അതിൽ തിരുത്തലുകൾക്കായി ആവശ്യം ഉന്നയിക്കുകയില്ല എന്നും ബോധിപ്പിച്ചുകൊള്ളുന്നു.

അപേക്ഷകന്റെ പേരും ഒപ്പും
ഉദ്യോഗപ്പേര്

2. ....................... തീയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ....................................... എന്നയാളുടെ പെൻഷൻ അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
പ്രിൻസിപ്പാൾ/വാർഡൻ/ഡെപ്യൂട്ടി ഡയറക്ടർ

ഒപ്പ്/-
വി. വിലാസചന്ദ്രൻ നായർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാർക്കും, വാർഡൻമാർക്കും

//അംഗീകാരത്തോടെ//

സൂപ്രണ്ട്